For Private Circulation Only
July 2021

# ആശ്വാസദൂതൻ

HOLY BIBLE

Vol.68 No.7

" പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു" (യോഹ. 15:9)

## സ്നേഹം അതിന്റെ പാരമ്യത്തിൽ

**By Charles H. Spurgeon**

"പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു; എന്റെ സ്നേഹത്തിൽ വസിപ്പിൻ" (യോഹ 15:9).

കർത്താവായ യേശുക്രിസ്തു നമ്മളെ സ്നേഹിച്ചുവെന്ന് ചോദ്യം ചെയ്യാതെ വിശ്വസിക്കാം. നമ്മൾ അവനിൽ വസിക്കുന്നുവെന്ന് പറയുന്നെങ്കിൽ അവിടുന്ന് നമ്മളെ പരിമിതി കൂടാതെ സ്നേഹിക്കുന്നുവെന്നാണ്. നമ്മുടെ വിശ്വാസത്തിൽ നമ്മെ ഉറപ്പിക്കുന്നതു, എന്നാൽ ചിലപ്പോൾ ഒക്കെയും വിശ്വാസത്തിൽ സ്ഥിരത നഷ്ടപ്പെടുന്ന സമയത്ത് അവിടുത്തെ ആ വലിയ സ്നേഹത്തെ കാണുകയും ചെയ്യുമ്പോൾ, അവിടുന്ന് പറഞ്ഞതുപോൽ ആ ദിവ്യമായ സ്നേഹം ഒരു അസാധാരണമായ നിലയിലുള്ളതാണ്. ലോകത്തിന്റെ സ്നേഹത്തെ അല്ല അവിടുന്ന് നോക്കുന്നത്, എന്നാൽ വലിയ സ്നേഹമെന്നത് സ്വർഗ്ഗത്തിന്റെ സ്നേഹമാണ്. യേശു പറഞ്ഞതുപോലെ "പിതാവു എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു" . നമ്മുടെ കർത്താവു നമ്മെ സ്നേഹിച്ചിരിക്കുന്നത് അവിടുത്തെ പിതാവും അവിടുത്തോടും എങ്ങനെ സ്നേഹിച്ചുവോ അതുപോൽ നമ്മെയും അവിടുന്നു സ്നേഹിച്ചു. നമ്മളും പരസ്പരം സ്നേഹിക്കണം. നമ്മൾ മറ്റുള്ളവരെ കുറിച്ചു നല്ല ആത്മവിശ്വാസമുള്ളവരായിരിക്കണം. ഇതിൽ കൂടെ എത്രയോ അത്ഭുതകരമായ ഒരു സന്ദേശമാണ് നമ്മുടെ മുമ്പിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. പിതാവു തന്റെ പുത്രനെ സ്നേഹിച്ചത് പരിമിതികൾ കൂടാതെയാണ്. പുത്രനോ അവിടുത്തെ പിതാവുമായിട്ടു വളരെ ആഴമായ ഐക്യത്തിലുമാണ്. അവിടുന്ന് ഇരുവരും ഒന്നാണ്. അവിടുന്ന് ഒരു ദൈവമാണ്. സത്യം ഇതായിരിക്കെ - കർത്താവായ യേശുക്രിസ്തു അവിടുന്ന് സ്നേഹിച്ച അവിടുത്തെ ജനത്തെ താൻ വിവാഹം കഴിക്കുവാൻ വേണ്ടി തെരഞ്ഞെടുത്തിരിക്കുന്ന തന്റെ മണവാട്ടിയുമായിട്ടു ഒരിക്കലും പിരിയാത്ത സ്നേഹപാശത്താൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്നന്നേക്കുമായിട്ടു. ഇതിനെകുറിച്ച് ചിന്തിക്കുകയും അങ്ങനെ നിങ്ങളുടെ വിശ്വാസത്തിന്റെ വളർച്ച വർദ്ധിക്കയും ചെയ്യും.

### അവിടുന്ന് നമ്മെ സ്നേഹത്തിൽ തെരഞ്ഞെടുത്തിരിക്കുന്നു.

നമ്മുടെ വീണ്ടെടുപ്പുകാരന്റെ സ്നേഹത്തിന്റെ തെളിവ് മുമ്പോട്ടുള്ള ഈ യാത്രയിൽ കാണാൻ സാധിക്കും. അവൻ നമ്മെ തിരഞ്ഞെടുത്തതിന്റെ കാരണം അവിടുത്തെ സ്നേഹമാണ്. ആവർത്തന പുസ്തകത്തിലെ ഏഴാം അദ്ധ്യായത്തിൽ ഇത് എങ്ങനെയാണ് പ്രതിപാദിച്ചിരിക്കുന്നതെന്ന് നോക്കുക. ദൈവം തന്റെ തെരഞ്ഞെടുപ്പ് യിസ്രായേലിൽ എങ്ങനെ ആയിരുന്നുവെന്ന് കാണുക. "നിന്റെ ദൈവമായ യഹോവെക്കു നീ ഒരു വിശുദ്ധജനം ആകുന്നു; ഭൂതലത്തിലുള്ള സകല ജാതികളിലും വെച്ചു നിന്നെ തനിക്കു സ്വന്തജനമായിരിക്കേണ്ടതിന്നു നിന്റെ ദൈവമായ യഹോവ തിരഞ്ഞെടുത്തിരിക്കുന്നു. നിങ്ങൾ സംഖ്യയിൽ സകല ജാതികളെക്കാളും പെരുപ്പമുള്ള വരാകകൊണ്ടല്ല യഹോവ നിങ്ങളെ പ്രിയപ്പെട്ടു തിരഞ്ഞെടുത്തതു; നിങ്ങൾ സകലജാതികളെക്കാളും കുറഞ്ഞവരല്ലോ ആയിരുന്നതു യഹോവ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടും നിങ്ങളുടെ പിതാക്കന്മാരോടു താൻ ചെയ്ത സത്യം പാലിക്കുന്നതുകൊണ്ടും അത്രേ "യഹോവ നിങ്ങളെ ബലമുള്ള കയ്യാൽ പുറപ്പെടുവിച്ചു. അടിമവീടായ മിസ്രയീമിലെ രാജാവായ ഫറവോന്റെ കയ്യിൽ നിന്നും വീണ്ടെടുത്തു" (ആവർത്തനം 7:6-8).

അല്ലയോ, വിശ്വാസിയേ, താങ്കൾക്ക് അറിയാമോ കർത്താവ് നമ്മെ ലോകസ്ഥാപനത്തിനു മുമ്പെ സ്നേഹിച്ചിരുന്നു. അതിന്റെ കാരണം അവിടുന്നു നമ്മോടുള്ള സ്നേഹം മാത്രമാണ്! അവൻ നിങ്ങളെ സ്നേഹിച്ചു. അവിടുത്തെ സ്നേഹം നിങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്നു. അവിടുന്ന് നമ്മളെ സ്നേഹിച്ചത് താങ്കൾക്ക് അറിയാമോ എന്തിനാണന്ന്? നമ്മെ അവിടുത്തേക്കു അനുരൂപപ്പെടുത്തുവാൻ വേണ്ടിയാണ്. അവൻ ആദ്യജാതനും, അവന്റെ സ്വഭാവം, പ്രകൃതി എന്നിവ നമ്മൾ മറ്റുള്ളവരോടും പങ്കുവയ്ക്കുകയും, അങ്ങനെ അവന്റെ പിതാവിന്റെ സ്നേഹത്തിലേയ്ക്ക് അവരെ വലിച്ച് അടുപ്പിക്കുകയും, അത്യന്ത്യകമായിട്ടും അനശ്വരമായ അവിടത്തെ ആ സ്നേഹപാശബന്ധത്തിൽ എന്നേക്കും നിലനിൽക്കുകയും വേണം. കാണുക, ഇവിടുത്തെ സ്നേഹത്തിന്റെ പ്രത്യേകതയ്ക്കു കാരണമായിരിക്കുന്നത്, ഈ സ്നേഹം മുഴുവനായിട്ട് സ്നേഹിക്കുവാനുള്ളതു, അതിൽ തന്നെ ഫലവത്തായി തീർന്നതു, ഔദാരികമായിട്ടുള്ള ലക്ഷ്യങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു എല്ലാവരും ആ സ്നേഹത്താൽ മുഴുവനായിട്ട് നിറയപ്പെടേണ്ടതുമാണ്. അതേ, അതിന്റെ തനിമ ഒട്ടും കളയാതെയും നിലനിർത്തേണ്ടതുമാണ്.

### അവൻ മനുഷ്യനായി തീർന്നു

നമ്മെ അവിടുത്തെ അതുല്യമായ സ്നേഹത്താൽ തിരഞ്ഞെടുത്തതു, അതുപോലെ വളരെ പ്രധാനപ്പെട്ടതാണ്. കർത്താവായ യേശുക്രിസ്തുവിന്റെ നമ്മോടുള്ള സ്നേഹത്താൽ, അവിടുന്ന് മനുഷ്യനായി തീർന്നതും "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസദൃശ്യത്തിലായി" (ഫിലി. 2:6). അവൻ മനുഷ്യനായി തീർന്നതുകൊണ്ട് അവിടുന്നുള്ള സ്നേഹത്തിന്റെ ലക്ഷ്യങ്ങൾ നമ്മോടുള്ളത് വെളിപ്പെടുത്തുന്നു. തിരുവചനത്തിൽ പറയുന്നതുപോൽ "അതു നിമിത്തം ഒരു മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ടു ഭാര്യയോടു പറ്റിച്ചേരും, ഇരുവരും ഒരു ദേഹമായിത്തീരും" (എഫേ.5:31). ഇത് ക്രിസ്തുയേശുവിൽ അന്വർത്ഥമായിരിക്കുകയാണ്. അവിടുന്ന് പിതാവിനോടുള്ള സമത്വം മുറുകെ പിടിക്കാതെ, അവിടുന്ന് തന്റെ സഭയുമായിട്ട് ഒരു ദേഹമായി തീർന്നു. അവൻ നമ്മുടെ പ്രകൃതി ഏറ്റെടുത്തു, അതുകൊണ്ട് മനുഷ്യരായ നമ്മൾക്ക് വേണ്ടി കഷ്ടതയും വേദ

(ശേഷം 6-ാംപേജിൽ)

# സമൃദ്ധിയായ സ്നേഹം

**By Rich Carmicheal**

ഈ പ്രാവിശ്യത്തെ ഹെറാൾഡിന്റെ പ്രതിപാദ്യ വിഷയം സ്നേഹം - നമ്മൾക്കു വേണ്ടിയുള്ള ദൈവത്തിന്റെ സ്നേഹം, ദൈവത്തിനു വേണ്ടിയുള്ള നമ്മുടെ സ്നേഹം, മറ്റുള്ളവരോടുള്ള നമ്മുടെ സ്നേഹം. വിശുദ്ധ വേദവചനത്തിലെ വചനങ്ങൾ ഇതിന്റെ പ്രാധാന്യം വെളിപ്പെടുത്തുന്നു.

"യേശു അവനോടു: നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടു കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേതു അതിനോടു സമം. കൂട്ടുകാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കണം. ഈ രണ്ടു കല്പനകളിൽ സകല ന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു എന്നു പറഞ്ഞു" (മത്താ. 22:37-40).

"നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്ന പുതിയോരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു; ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നു തന്നേ. നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും" (യോഹ. 13:34-35).

"സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ" (റോമ.13:10).

"ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനില്ക്കുന്നു; ഇവയിൽ വലിയതോ സ്നേഹം തന്നേ" (1 കൊരി. 13:13).

"എല്ലാറ്റിനും മീതെ സമ്പൂർണ്ണതയുടെ ബന്ധമായ സ്നേഹം ധരിപ്പിൻ" (കൊലോ. 3:14).

"സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല; ദൈവം സ്നേഹം തന്നേ" (1 യോഹ. 4:8).

"ദൈവം സ്നേഹം തന്നേ: സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിൽ വസിക്കുന്നു: ദൈവം അവനിലും വസിക്കുന്നു" (1 യോഹ. 4:16).

ഇത്രയും വലിയ സത്യം ഉള്ളപ്പോൾ നാം സ്വയം പരിശോധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ സ്നേഹത്തിന്റെ നിലവാരം എത്ര ഉണ്ടെന്ന്? അവസാന കാലഘട്ടങ്ങളിൽ എങ്ങനെയുള്ള വിശ്വാസ ജീവിതമായിരിക്കുമെന്നുള്ള കർത്താവിന്റെ മുന്നറിയിപ്പ് നമ്മൾ ശ്രദ്ധയോടു കാണണം. "അധർമ്മം പെരുകുന്നതുകൊണ്ടു അനേകരുടെ സ്നേഹം തണുത്തു പോകും" (മത്താ.24:12). അപ്പോസ്തലനായ പൗലോസ് ഓർമ്മിപ്പിക്കുന്നത് "അന്ത്യകാലത്തു ദുർഘട സമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും ദ്രവ്യഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണ ദ്വേഷികളും ദ്രോഹികളും ധാർഷ്ട്യ

(ശേഷം 5-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" ഞാൻ നിന്നെ ഉപദേശിച്ചു നടക്കേണ്ടുന്ന വഴി നിനക്കു കാണിച്ചു തരും. ഞാൻ നിന്റെ മേൽ ദൃഷ്ടിവെച്ചു നിനക്കു ആലോചന പറഞ്ഞു തരും " (സങ്കീ. 32:8)

ജൂൺ മാസം നമ്മെ വിട്ട് കടന്നുപോയി. ജൂലൈ മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു.

ഈ മാസം മുഴുവനും ദൈവം നിങ്ങളോടു കൂടെ ഇരിക്കുമാറാകട്ടെ. നിങ്ങൾ കടന്നു പോകുന്ന ഓരോ പ്രതികൂലങ്ങളിലും പ്രയാസങ്ങളിലും ദൈവം നിങ്ങളെ ബലപ്പെടുത്തി ശക്തിപ്പെടുത്തി സഹായിക്കട്ടെ. നിങ്ങൾ പ്രയാസപ്പെടുന്നത് എന്തിലാണെങ്കിലും നിസ്സാര കാര്യത്തിലോ, ജീവിതത്തിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന കാര്യത്തിലോ ആണെങ്കിലും ദൈവത്തിൽ വിശ്വസിക്കുക. അതിനെ നേരിടുക. വിജയം കൈവരിക്കുക. ദൈവം അതിന് നിങ്ങളെ സഹായിക്കും.

കോവിഡ് 19 മഹാമാരിയുടെ ആർത്തലച്ചുവരുന്ന മൂന്നാം തരംഗം യേശുവിന്റെ നാമത്തിൽ നിങ്ങളെ സ്പർശിക്കാതിരിക്കട്ടെ. ഈ തിരമാലയുടെ മദ്ധ്യത്തിൽ ദൈവത്തിന്റെ വലിയ പ്രവൃത്തി നിങ്ങളുടെ ജീവിതത്തിൽ വെളിപ്പെടട്ടെ. നാം ദൈവത്തിന്റെ മക്കളാണ്. ദൈവം നമ്മെ കൈവിടുകയില്ല. ഉപേക്ഷിക്കയുമില്ല.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,

ബിന്ദു.എം


# ആഗമനദൂതൻ



ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# ദൈവത്തിന്റെ സ്നേഹം

**ByArthur W. Pink (1886-1952)**

"..... ദൈവം സ്നേഹം തന്നേ" (1 യോഹ.4:8). ഇതു വെറുതെയുള്ള ഒരു കാര്യം അല്ല. "സ്നേഹം", എന്നാൽ അവൻ തന്നേ സ്നേഹമാണ്. ഈ സ്നേഹമെന്നത് അവിടുത്തെ ഒരു ഗുണമല്ല, പ്രത്യുത തന്റേതായ ഒരു പ്രകൃതി/സ്വഭാവമാണ്. നമ്മൾക്ക് അവിടുത്തോടുള്ള കൂടുതൽ അടുപ്പത്തിൽ കൂടി സ്നേഹത്തിന്റെ സ്വഭാവം, നിറവ്, അനുഗ്രഹങ്ങൾ ഇതെല്ലാം നമ്മുടെ ഹൃദയത്തിൽ നിറയപ്പെടുകയും അവിടുത്തോടു കൂടുതൽ അടുക്കുകയും ചെയ്യുന്നു.

ദൈവത്തിന്റെ സ്നേഹം അനന്തമാണ്. "...നിത്യസ്നേഹംകൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു" (യിരെ.31:3). നമ്മുടെ കർത്താവിനെ എങ്ങനെ മഹത്വപ്പെടുത്തുവാനാണ് ദൈവത്തിന്റെ മക്കളെ നിങ്ങൾക്ക് ഇപ്പോൾ തോന്നുന്നത്! ഹൃദയം എത്രയോ ശാന്തമാണ്. ദൈവത്തിന്റെ ആ വലിയ എന്നോടുള്ള സ്നേഹത്തിനു ഒരു ആരംഭവുമില്ല, അവസാനവുമില്ല.

## ദൈവത്തിന്റെ സ്നേഹം പരിധിയില്ലാത്തത്

ദൈവമായവാക്ക് എല്ലാറ്റിന്റെയും കാര്യത്തിൽ ഒരു പരിധിയുമില്ല/അവസാനവും ഇല്ല. അവിടുത്തെ ജ്ഞാനത്തിന് അളവില്ല, എന്തുകൊണ്ടെന്നാൽ അവൻ ഭൂതം, ഭാവി, വർത്തമാനം നല്ലവണ്ണം അറിയുന്നു. അവിടുത്തെ ശക്തി ആർക്കും ബന്ധിക്കുവാൻ കഴിയുകയില്ല, എന്തുകൊണ്ടെന്നാൽ അവിടുത്തേക്കു വളരെ ബുദ്ധിമുട്ടുള്ളതായിട്ട് ഒരു കാര്യവും/പ്രവൃത്തിയും ഇല്ല. അതുകൊണ്ട് അവന്റെ സ്നേഹത്തിനു അന്തമില്ല. അതിന്റെ ആഴം ആർക്കും അളന്നു കൂടാ. അതിന്റെ ഉയരം ആർക്കും അളന്ന് തിട്ടപ്പെടുത്താൻ കഴിയുകയില്ല. അതിന്റെ നീളവും വീതിയും മാനുഷിക ബുദ്ധികൾക്ക് ഗ്രഹിക്കുവാൻ സാധിക്കുകയില്ല. എത്രയോ മനോഹരമായിട്ടു ഇതേകുറിച്ച് തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് "കരുണാസമ്പന്നായ ദൈവമോ നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം" (എഫെ. 2:4). കരുണാസമ്പന്നനായ എന്ന വാക്കിനെ പ്രതിധ്വനിപ്പിക്കുന്നതാണ്. "ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16). ഇത് നമ്മോടു പറയുന്നത് ദൈവത്തിന്റെ സ്നേഹമെന്നത് സഫലീകൃതമാകുന്നതു അത് ആർക്കും കണക്കുകൂട്ടാൻ കഴിയാത്തതുമാണ് "പരിജ്ഞാനത്തെ കവിയുന്ന" തുമാണ് (എഫെ.3:19).

## ദൈവത്തിന്റെ സ്നേഹം മാറ്റമില്ലാത്തതാണ്

ദൈവം തന്നിൽതന്നേ വെളിപ്പെടുത്തുന്നത് "അവന്നു വികാരമോ ഗതിഭേദത്താലുള്ള ആഛാദനമോ ഇല്ല" (യാക്കോബ് 1:17), അതുകൊണ്ട് അവന്റെ സ്നേഹം അറിയിക്കുന്നത് ആ സ്നേഹത്തിനു മാറ്റമോ കുറവും ഇല്ല. "ഏറിയ വെള്ളങ്ങൾ പ്രേമത്തെ കെടുപ്പാൻ പോരാ; നദികൾ അതിനെ മുക്കി കളയുകയില്ല..." (ഉത്തമ ഗീതം 8:7). യാതൊന്നു ഇതിൽ നിന്നു വേർപെടുത്താൻ കഴിയുകയില്ല (റോമ.8:35-39)

## ദൈവത്തിന്റെ സ്നേഹം വിശുദ്ധമാണ്

ദൈവത്തിന്റെ സ്നേഹത്തെ നിയന്ത്രിക്കുന്നത് പെട്ടന്നുള്ള അഭിപ്രായമാറ്റത്തിന്റെയോ, അഭിനിവേശത്തിന്റെയോ, വികാരത്തിന്റെയോ അടിസ്ഥാനത്തിലല്ല, പ്രത്യുത അവിടുത്തെ അടിസ്ഥാന പ്രമാണങ്ങളാലാണ്. നമ്മുടെ മേൽ ആധിപത്യം പുലർത്തുന്ന അവിടുത്തെ "കൃപയും നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നീതിയാൽ നിത്യജീവന്നായി വാഴേണ്ടതിനു തന്നേ" (റോമ. 5:21), അതുകൊണ്ട് അവന്റെ സ്നേഹം ഒരിക്കലും അവന്റെ വിശുദ്ധിയുമായിട്ടുള്ള പോരാട്ടത്തിലല്ല. "ദൈവം വെളിച്ചം ആകുന്നു" (1 യോഹ 1:5) എന്ന് രേഖപ്പെടുത്തുകയാണ് "ദൈവം സ്നേഹം തന്നേ" (1 യോഹ. 4:8). ദൈവത്തിന്റെ സ്നേഹമെന്നത് വെറും സുഖകരമായ ക്ഷീണമോ, മൃദുവായ ഭീരുത്വമോ അല്ല. ദൈവത്തിന്റെ വചനം പറയുന്നത് "കർത്താവ് ഒരിക്കലും പാപം ചെയ്യുന്നില്ല, അവന്റെ ജനങ്ങളും അങ്ങനെ തന്നെയാണ്. അവന്റെ സ്നേഹമോ അത് വളരെ പരിശുദ്ധമാണ്, ഒരിക്കലും ഏതെങ്കിലും വൈകല്യങ്ങളായ വികാരത്തിൽ നിന്നും ഉത്ഭവിക്കുന്നതല്ല അത്.

ദൈവത്തിന്റെ സ്നേഹം ഔദാര്യമാണ്. സ്നേഹവും അവിടുത്തെ നമ്മോടുള്ള ഇഷ്ടവും ഒരിക്കലും രണ്ടും തമ്മിൽ വേർതിരിച്ചെടുക്കാൻ പറ്റുന്നതല്ല. "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനും ദൈവം അവനെ നല്കുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16). ക്രിസ്തു മരിച്ചത്കൊണ്ടല്ല നമ്മളെ സ്നേഹിച്ചതു എന്നാൽ ക്രിസ്തു നമ്മെ സ്നേഹിച്ചതുകൊണ്ടാണ്. കാൽവറി എന്നത് ദൈവസ്നേഹത്തെ പ്രദർശിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രവൃത്തിയാണ്. ❖

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| **അംഗീകരിക്കുക** | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായി ത്തീർന്നു (റോ.3:23)* |
| **പശ്ചാത്തപിക്കുക** | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)* |
| **ഏറ്റുപറയുക** | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| **ഉപേക്ഷിക്കുക** | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| **ശുദ്ധീകരിപ്പെടുക** | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| **വിശ്വസിക്കുക** | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| **സമർപ്പിക്കുക** | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| **പ്രാപിച്ചെടുക്കുക** | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |
| **സ്നാനം ഏൽക്കുക** | *വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)* |

# അർദ്ധരാത്രിക്കു ശേഷമുള്ള ജന്മം

By A.W. Tozer (1897 - 1963) (തുടർച്ച)

വിവാഹത്തിനുശേഷം അദ്ദേഹവും ഭാര്യയും പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ "ഭൂപ്രദേശങ്ങൾക്ക് അപ്പുറം" ഒരു മിഷണറിയായി സൗത്ത് ആഫ്രിക്കയിലേക്ക് ദൈവം നയിച്ചു. അവിടെ പറയത്തക്കവിധത്തിൽ ഉണർവ്വോടു കൂടെ ദൈവം അവരുടെ മിനിസ്ട്രിയെ അനുഗ്രഹിച്ചു. ആയിരം മൈലുകളോളം യാത്രചെയ്ത് ഒരു മിഷിയൻ സ്റ്റേഷനിൽ നിന്ന് അടുത്ത മിഷിയൻ സ്റ്റേഷനിൽ അവർ പൊയ്കൊണ്ടിരുന്നു. ആയിരക്കണക്കിന് ജനങ്ങൾ പാപങ്ങളെ വിട്ട് രക്ഷിക്കപ്പെട്ട് വലിയ ഉണർവ്വിലേക്ക് നയിക്കപ്പെട്ടു. അനേകം പാപികൾ രക്ഷിക്കപ്പെട്ടു.

ആറുവർഷങ്ങൾ ആഫ്രിക്കയിൽ പ്രവർത്തിച്ചതിനുശേഷം ബ്രിട്ടണിലെ ഫുർലോഗിലേക്ക് ദൈവം അവരെ നയിക്കുകയും രക്ഷിക്കപ്പെട്ട ചെറുപ്പക്കാർക്ക് വേണ്ടി ഒരു ട്രെയിനിംഗ് കോളേജും സ്ഥാപിച്ചു കർത്താവിനെ സേവിക്കുവാൻ വേണ്ടി. ഇത് വളരെ അത്ഭുതകരമായിരുന്നു. എല്ലാം ദീർഘനേരത്തെ പ്രാർത്ഥനയ്ക്കു ശേഷമാണ് കർത്താവിനുവേണ്ടി അവർ പ്രവർത്തിച്ചത്. രണ്ട് ഷില്ലിംഗ് കൊണ്ട് തുടങ്ങിയ പ്രവർത്തനം മിസ്റ്റർ ഹോവൽസ് എസ്റ്റേറ്റ് വാങ്ങുവാനും ഒരു വീട് കോളേജ് ആയി പ്രവർത്തിക്കുവാനും കഴിഞ്ഞു. അഞ്ച് വർഷങ്ങൾക്കു ശേഷം, കഠിനമായ പരീക്ഷണങ്ങളിൽ മിസ്റ്റർ ഹോവൽസ് റിപ്പോർട്ട് ചെയ്തത് വേദപഠനം പഠിക്കാൻ 30 കുട്ടികളും 6 അദ്ധ്യാപകരും ഉണ്ടന്നാണ്. വിദ്യാഭ്യാസം തികച്ചും സൗജന്യമായിരുന്നു. മുറിയും ആഹാരവും മൊത്തത്തിലുള്ള ചിലവിന്റെ പകുതികൊണ്ടാണ് നടന്നുകൊണ്ടിരുന്നത്. ആവശ്യങ്ങൾ അനുസരിച്ച് ദൈവം സാമ്പത്തികവും ക്രമീകരിച്ചു കൊണ്ടിരുന്നു.

അടുത്ത ആറ് വർഷങ്ങൾക്കുശേഷം ആദ്യത്തെ പ്രവർത്തന സ്ഥലത്തുതന്നെ മിസ്റ്റർ ഹോവൽസിന് പതിനേഴ് ഏക്കർ സ്ഥലം വാങ്ങുവാൻ ദൈവം സഹായിച്ചു. ഇത് അവിടത്തെ കോളേജിലെ കുട്ടികളുടെ എണ്ണത്തെ ഇരട്ടിയായി വർദ്ധിപ്പിച്ചു. ഇത് അവരുടെ വിശ്വാസത്തിന്റെ വലിയ വെല്ലുവിളിയായി മാറുകയും ചെയ്തു. പക്ഷെ അവരുടെ ദൈവത്തോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനയാൽ എല്ലാം സാധിച്ചു.

രണ്ടാമതായിട്ട് വാങ്ങിയ എസ്റ്റേറ്റിന്റെ മുഴുവൻ തുകയും കൊടുക്കുന്നതിനുമുമ്പേ, മിസ്റ്റർ ഹോവൽസിന് അവിടെ ഒരു ബിൽഡിംഗ് പണി തുടങ്ങുവാനും - 200 പേർക്ക് ഇരിക്കുവാൻ പറ്റുന്ന ഒരു ചാപ്പൽ, 400 പേർക്ക് ഇരിക്കാവുന്ന ഒരു കോൺഫറൻസ് ഹാൾ, ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും ഉള്ള 100 വിദ്യാർത്ഥിയ്ക്കുള്ള ഹോസ്റ്റലായിട്ടുള്ള ഒരുവീടും പണിതു.

ബിൽഡിംഗിന്റെ പണിതീരാറായ സമയത്ത്, ദൈവം അദ്ദേഹത്തിന്റെ ഉള്ളിൽ ഫീൽഡിൽ ഉള്ള മിഷണറിമാരുടെ കുഞ്ഞുങ്ങൾ - അവർക്ക് വേലസ്ഥലത്ത് മാതാപിതാക്കളോടു കൂടെ താമസിക്കുവാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവർക്ക് ഒരു വീട് പണിതു. വീണ്ടും വിശ്വാസത്തിൽ ഒരു വെല്ലുവിളി കടന്നുവരുകയും മദ്ധ്യസ്ഥ പ്രാർത്ഥനയിൽ കൂടെ മൂന്നാമതായി ഒരു വീടുവാങ്ങുവാനും അവിടെ കുട്ടികൾക്ക് ഒരു സ്കൂൾ തുടങ്ങുവാനും, ക്ലാസ്സ് റൂമുകളും, ടോർമിട്രിയും, ജിംനേഷിയും പണിയുവാൻ കഴിഞ്ഞു. ഈ ബിൽഡിംഗിന്റെ പണി തുടങ്ങിയപ്പോൾ അദ്ദേഹത്തിന്റെ കൈയ്യിൽ ഒരു പൈസയും ഉണ്ടായിരുന്നില്ല.

മിസ്റ്റർ ഹോവൽസ് രണ്ട് ഷില്ലിംഗ്സ് കൊണ്ട് തുടങ്ങിയ ഈ സംരംഭത്തെ കഴിഞ്ഞ പതിനാല് വർഷങ്ങളിൽ ദൈവം അദ്ദേഹത്തിന് 1,25,000 പൗൺസ് ദൈവം നൽകി സഹായിച്ചു. അനേകം ബിസിനസുകൾ പുഷ്ടിപ്പെടാതെ ബാങ്ക് ജപ്തികളിൽ അവസാനിച്ചപ്പോൾ, ദൈവത്തിന്റെ കരുതലുകൾ ഒരിക്കലും ഉപവാസത്തോടും പ്രാർത്ഥനയോടും തന്റെ മുഖത്തെ അന്വേഷിച്ച ദൈവത്തിന്റെ ദാസനെ അവിടത്തെ കലവറ അടച്ചുകളയാതെ ദൈവം അദ്ദേഹത്തെ മാനിച്ചു. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ ഇന്നും നിറവേറ്റിക്കൊണ്ടിരിക്കുന്നു. എത്രയോ വലിയ സാക്ഷ്യമാണ് ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ചുള്ളത്, അവിടത്തെ ശബ്ദം ആരാണോ ശ്രവിക്കാൻ കാതുകളെ കൂർപ്പിക്കുന്നത് വിശ്വാസത്താൽ പുതിയ ചുവടുകൾ വയ്ക്കാൻ താല്പര്യപെടുന്നത്. മിക്കപ്പോഴും വിമർശനങ്ങളുടെ മദ്ധ്യത്തിലും തികച്ചും എതിരായ സാഹചര്യങ്ങളുടെ നടുവിലും ദൈവീക കരുതലുകൾ വെളിപ്പെടുത്തുന്നു.

## എല്ലാ സൃഷ്ടികളോടും ഉള്ള സുവിശേഷം

മിസ്റ്റർ ഹോവൽസ് തന്റെ ഫാക്കൽറ്റികളോടും വിദ്യാർത്ഥികളോടും പറഞ്ഞുകൊണ്ടിരുന്നത് എല്ലാ സൃഷ്ടികളും സുവിശേഷം കേൾക്കണം എന്നാണ്. അദ്ദേഹം ദീർഘമായിട്ട് ദൈവത്തോട് പ്രാർത്ഥിച്ചത് ജാതികളെ അവകാശമായിട്ടും ഭൂമിയുടെ അറ്റങ്ങളെ കൈവശമായിട്ട് മാറുവാൻ വേണ്ടിയാണ് (സങ്കീ.2:8). ലോകമാണ് അവന്റെ സഭ. അദ്ദേഹത്തിന്റെ കേളേജിന്റെ അദ്ധ്യാപകരു അദ്ദേഹത്തോടുകൂടെ പ്രാർത്ഥിച്ചു അനേകം വേലക്കാരെ വേലസ്ഥലത്തേക്ക് അയയ്ക്കണമേ എന്ന്, ഇത് അർത്ഥമാക്കുന്നതുപോലെ ഇവരെ തന്നെ ഒരുക്കി അവരുടെ പ്രാർത്ഥനയുടെ മറുപടി എന്നവണ്ണം ദൈവം അനുവദിയ്ക്കുന്നു എങ്കിൽ - നൽകുവാൻ, പോകുവാൻ, പ്രാർത്ഥിക്കുവാൻ.

മിസ്റ്റർ ഹോവൽസ് ഒരു വലിയ ആത്മഭാരത്തോടെ സുവിശേഷം കൊണ്ട് ലോകത്തെ സുവിശേഷീകരിക്കുവാൻ, ലോകസുവിശേഷികരണത്തെ ബാധിക്കുന്നതായ ദേശീയ അന്തർദേശീയ കാര്യങ്ങൾക്കുവേണ്ടി ഇദ്ദേഹം പ്രാർത്ഥിച്ചും കൊണ്ടിരുന്നു. 1936-ൽ ലോക മഹായുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ വളരെ ശക്തമായ പ്രാർത്ഥന ആരംഭിച്ചു. മൂന്നാഴ്ചയോളം ഉപവാസവും പ്രാർത്ഥനയും ഉണ്ടായിരുന്നു. എല്ലാ സൃഷ്ടികളോടും സുവിശേഷം എത്തിക്കുവാൻ തടസ്സമായ ഈ രാജ്യങ്ങളുടെ കൂടെ ശത്രുത ......... യുദ്ധത്തെ മാറ്റണമേ എന്ന് ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ദൈവത്തിന്റെ പ്രാഥമികകാര്യം എന്നത് ലോകം മുഴുവനും സുവിശേഷം അറിയിക്കുകയും അനേകം മനുഷ്യരെ അവനുവേണ്ടി വേല ചെയ്യണം എന്ന് അവിടത്തെ വിശ്വാസത്തിലും പ്രാർത്ഥനയാലും അനേകം വേലക്കാർ മുമ്പോട്ടും വരികയും എന്നുള്ളതാണ്.

## യുദ്ധം

ഭൂഖണ്ഡങ്ങളിൽ യുദ്ധം തുടങ്ങിയപ്പോൾ കോളേജിൽ വലിയ മദ്ധ്യസ്ഥ പ്രാർത്ഥന തുടങ്ങി. അക്ഷരാർദ്ധത്തിൽ മനുഷ്യൻ തന്റെ ശത്രുക്കളോട് മല്ലയുദ്ധം നടത്തുന്നതുപോലെ കോളേജിലെ കുറച്ച് അദ്ധ്യാപകരും വിദ്യാർത്ഥികളും പ്രാർത്ഥനയിൽ പിശാചിനെ പോരാടികൊണ്ടിരുന്നു. പട്ടാളക്കാർ പ്രിയപ്പെട്ടവരെയും വീടുകളെയും സുഖസൗകര്യം മറന്ന് യുദ്ധം ചെയ്യുന്നതുപോലെ ദൈവസന്നിധിയിൽ ഇവരും യുദ്ധം ചെയ്യുവാൻ തുടങ്ങി.

ആ സമയം പരിശുദ്ധാത്മാവിന്റെ വലിയൊരു സന്ദർശനം കോളേജിൽ പ്രാർത്ഥിക്കുന്ന പ്രിയപ്പെട്ടവരുടെമേൽ വന്നു. ആ അനുഭവം അവർ അറിഞ്ഞതുപോലുമില്ല. അവർ അവരുടെ ജീവിതം ദൈവത്തിനു വേണ്ടി കൂടുതലായി സമർപ്പി

( ശേഷം 8-ാം പേജിൽ)

(2-ാംപേജിന്റെ തുടർച്ച)

## സമൃദ്ധിയായ സ്നേഹം

ക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു. അതിന്റെ ശക്തി ത്യജിക്കുന്നവരായിരിക്കും''(2 തിമ.3:1-5). ഇന്ന് നമ്മൾ ജീവിക്കുന്നത് ദൈവസ്നേഹം തണുത്തു പോയിരിക്കുന്ന ഒരു സാഹചര്യത്തിലാണോ - അസഹിഷ്ണതയുടേയും, സ്വാർത്ഥതയുടേയും, പ്രാകൃതമായതു, വിഭാഗീയതയുടേയും, കോപത്തിന്റെയും, ശത്രുതയുടേയും വിദ്വേഷത്തിന്റെയും വിത്തുകൾ വളരുന്ന ഒരു സാഹചര്യത്തിലാണോ നമ്മൾ ഇപ്പോൾ ആയിരിക്കുന്നതെന്ന് നാം അറിഞ്ഞിരിക്കുന്നു.

നമ്മുടെ സഭ എങ്ങനെയുണ്ട്. എത്ര സഭകളോട് കർത്താവ് ഇങ്ങനെ പറയേണ്ടിയിരിക്കുന്നു. "എങ്കിലും നിന്റെ ആദ്യ സ്നേഹം വിട്ടുകളഞ്ഞു എന്ന ഒരു കുറ്റം നിന്നെ കുറിച്ചു പറവാനുണ്ട്". (വെളി.2:4). ഇവിടെ ചില നല്ല പ്രവൃത്തികളും കാര്യങ്ങളും ഒക്കെ ഉണ്ടായിരിക്കാം (വെളി. 2:2), എന്നാൽ സഭയുടെ സ്നേഹം നഷ്ടപ്പെട്ടു പോയെങ്കിൽ വളരെ അടിയന്തരമായിട്ടും സഭ മടങ്ങി വരുകയും മാനസാന്തരപ്പെടുകയും വേണം. "നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക: അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നീലയിൽ നിന്നു നീക്കുകയും ചെയ്യും'' (വെളി. 2:5). വളരെ ലളിതമായ അർത്ഥം. സ്നേഹം കൂടാതെയുള്ള നമ്മുടെ പ്രവൃത്തിയും വിശ്വാസവും യാതൊരു പ്രയോജനവും ഉണ്ടാക്കുന്നില്ല (1 കൊരി. 13:1-3).

## സ്നേഹത്തിന്റെ വ്യക്തമായ അടയാളം

ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം നമ്മൾ സ്വയമായിട്ടു ചോദിക്കേണ്ടിയിരിക്കുന്നു. നമ്മൾക്ക് കർത്താവിനോടും മറ്റുള്ളവരോടുമുള്ള സ്നേഹം എപ്രകാരമാണ്? നമ്മൾ നമ്മുടെ കർത്താവിനെ പൂർണ്ണ ആത്മാവോടും പൂർണ്ണശക്തിയോടും പൂർണ്ണ മനസ്സോടും കൂടി സ്നേഹിക്കുന്നുണ്ടോ? നിങ്ങൾ ജീവിക്കുന്നത് കർത്താവിനോടുള്ള വളരെ അടുത്ത കൂട്ടായ്മ ബന്ധത്തിലാണോ? നാൾക്കുനാൾ നമ്മൾക്ക് അവനുമായിട്ടുള്ള ബന്ധത്തിൽ വളർച്ച യുണ്ടോ; ആരാധനയിൽ സമയം തുടർച്ചയായി അവന്റെ സന്നിധിയിൽ ചിലവിടുന്നോ? പ്രാർത്ഥനയിലും അവിടുത്തെ വചനത്തിലും? നമ്മൾ അവന്റെ കല്പനകൾ പൂർണ്ണമായിട്ടു അനുസരിക്കുന്നുണ്ടോ? അവനോടുള്ള നമ്മുടെ സ്നേഹം ശക്തവും, ചലനാത്മകവുമാണോ, അതോ ക്ഷീണിച്ചതാണോ?

നമ്മുടെ ജീവിതം തന്നെ അവന്റെ സ്നേഹത്തിന്റെ അടയാളം ഉള്ളതാണോ? മറ്റുള്ളവർ നമ്മളെ കണ്ടിട്ടു പറയുമോ, നമ്മൾ ക്ഷമയുള്ളവരും, ദയയുള്ളവരും, സഹതാപം കാട്ടുന്നവരും, മനുഷ്യത്വമുള്ളവരും, ആത്മാർത്ഥതയുള്ളവരും, സത്യസന്ധരും, അനുതാപമുള്ളവരും, ആത്മ സംയമനമുള്ളവരും, സ്വാർത്ഥതയില്ലാത്തവരുമാണന്ന്?

നമ്മുടെ മുഴു ജീവിതവും മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള പ്രവർത്തിയാൽ നിറയപ്പെട്ടതാണോ?

നിങ്ങൾ ഒരു ക്ഷമയുടെയും ആത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നതും, ഒരു വേലക്കാരന്റെ ഹൃദയവും ഉള്ളവരാണോ? സ്നേഹത്തിന്റെ നിർവചനത്തോട് നമ്മുടെ ജീവിതങ്ങൾ എങ്ങനെ താരതമ്യപ്പെട്ടിരിക്കുന്നു? "അവൻ നമുക്ക് വേണ്ടി തന്റെ പ്രാണനെ വെച്ചുകൊടുത്തതിനാൽ നാം സ്നേഹം എന്ത് എന്നു അറിഞ്ഞിരിക്കുന്നു; നാമും സഹോദരന്മാർക്കുവേണ്ടി പ്രാണനെ വെച്ചുകൊടുക്കേണ്ടതാകുന്നു. എന്നാൽ ഈ ലോകത്തിലെ വസ്തുവകയുള്ളവർ ആരെങ്കിലും തന്റെ സഹോദരനു മുട്ടുള്ളതു കണ്ടിട്ടു അവനോടു മനസ്സലിവും കാണിക്കാഞ്ഞാൽ ദൈവത്തിന്റെ സ്നേഹം അവനിൽ എങ്ങനെ വസിക്കും? കുഞ്ഞുങ്ങളെ, നാം വാക്കിനാലും നാവിനാലും അല്ല, പ്രവൃത്തിയിലും സത്യത്തിലും തന്നേ സ്നേഹിക്കുക" (1 യോഹ. 3:16-18). നമ്മൾ പരിത്യാഗം ചെയ്യുന്നതു, നല്കുന്നതു, അദ്ധ്വാനിക്കുന്നതുമെല്ലാം വിശുദ്ധന്മാർക്കു വേണ്ടിയും നഷ്ടപ്പെട്ടവർക്കും, അവിശ്വാസത്തിൽ കഴിയുന്നവർക്കുവേണ്ടിയുമാണോ?

## ക്രിസ്തുവിന്റെ സ്നേഹം നമ്മളിൽ

ഈ പറഞ്ഞിരിക്കുന്ന മേഖലകളിൽ നമ്മൾ പരാജിതരാണെങ്കിൽ/ വീണുപോയിട്ടുണ്ടെങ്കിൽ നമുക്ക് അവിടുത്തെ സന്നിധിയിലേയ്ക്കു അനുതാപത്തോടെയും പ്രാർത്ഥനയോടുംകൂടി അടുത്തു ചെല്ലാം - അവിടുന്ന് നമ്മിൽ നിറഞ്ഞു കവിയുന്ന സ്നേഹത്താൽ നമ്മെ നിറയ്ക്കുവാൻ നമ്മുടെ കർത്താവ് ശക്തനാണ്. അവിടുന്നു നമ്മെ "എന്നാൽ ഞങ്ങൾക്കു നിങ്ങളോടുള്ള സ്നേഹം വർദ്ധിക്കുന്നതു പോലെ കർത്താവും നിങ്ങൾക്കു തമ്മിലും എല്ലാവരോടുമുള്ള സ്നേഹം വർദ്ധിപ്പിച്ചു കവിയുമാറാക്കുകയും" (1 തെസ്സ. 3:12). നന്മൾക്ക് നേടിയെടുക്കാൻ കഴിയും ശുദ്ധമായ നിറഞ്ഞു കവിയുന്ന പരിശുദ്ധാന്മാവിനാൽ നമ്മുടെ ഹൃദയങ്ങളെ നിറയ്ക്കുവാൻ (റോമ. 5:5). പരിശുദ്ധാത്മാവിൽ നമ്മൾക്ക് ആശ്രയിക്കാം. അവിടുത്തെ ആത്മാവിന്റെ പ്രവൃത്തികൾ നമ്മിൽ ഉണ്ടാകേണ്ടതിനു - "ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല" (ഗലാ. 5:22-23).

വളരെ പ്രധാനപ്പെട്ട ഒരു സത്യത്തെ അറിയാം. പുത്രൻ തന്റെ പിതാവിനോടു പ്രാർത്ഥിച്ചപ്പോൾ തന്റെ എല്ലാ വിശ്വാസികൾക്കുമായിട്ടു പറയുന്നത്, "നീ എന്നെ സ്നേഹിക്കുന്ന സ്നേഹം അവരിൽ ആകുവാനും ഞാൻ അവരിൽ ആകുവാനും ഞാൻ നിന്റെ നാമം അവർക്കു വെളിപ്പെടുത്തിയിരിക്കുന്നു; ഇനിയും വെളിപ്പെടുത്തും" (യോഹ. 17:26). പിതാവായ ദൈവത്തിന്റെ സ്നേഹം നമ്മളിൽ നിറഞ്ഞിരിക്കുന്നു! ക്രിസ്തുതന്നേ നമ്മളിൽ വസിക്കുന്നു! അതുകൊണ്ട് നമ്മൾക്ക് ജീവിക്കാം. അവിടുത്തെ കൃപയാൽ മറ്റുള്ളവരെ സ്നേഹിച്ചും, നമ്മെ കാണുന്നവർ നമ്മളിൽ ക്രിസ്തുവിനെ കാണുവാനും, അവിടുത്തെ സ്നേഹത്തിന്റെ വാഹകരായി തീരുവാനും കർത്താവ് നമ്മെ ശക്തീകരിക്കട്ടെ.

"ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശീകരിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവപുത്രങ്കലുള്ള വിശ്വാസത്താലത്രേ ജീവിക്കുന്നത്" (ഗലാ.2:20). ❖

(1-ാംപേജിന്റെ തുടർച്ച)

**സ്നേഹം അതിന്റെ പാരമ്യത്തിൽ**

നയും അനുഭവിക്കുവാനും കഴിഞ്ഞു. അല്ലാത്ത പക്ഷം ഇത് സംഭവിക്കുകയില്ലായിരുന്നു. അവിടുന്ന് നമ്മുടെ സ്വഭാവ പ്രകൃതികളെല്ലാം ഏറ്റെടുക്കുകയായിരുന്നു. അവൻ തന്റെ സഭയുമായിട്ടും വളരെ ഈടുറ്റതും, ബലവത്തായതും, മാധുര്യമുള്ളതുമായ ഒരു നല്ല ബന്ധം സ്ഥാപിച്ചതിനാൽ അതിന് ഒരു നല്ല നിലനില്പ് ഉണ്ടാകുകയും ചെയ്തു. അവിടുന്ന് ബേത്ലഹേമിലെ ഒരു ശിശുവായിട്ട് ജനിക്കുവാൻ കഴിഞ്ഞിരുന്നില്ലായിരുന്നെങ്കിൽ, ഒരു നസറേത്തുകാരനായിട്ട് ജനിച്ചില്ലായിരുന്നെങ്കിൽ, എങ്ങനെ സാധിക്കുമായിരുന്നു. എല്ലാ തരത്തിലും തന്റെ സഹോദരന്മാർക്കു സമത്വകരമായ ഒരു ജീവിതത്തിന്റെ അവസ്ഥ? ഇവിടെയാണ് നമ്മൾ ചിന്തിക്കേണ്ടിയിരിക്കുന്നത്, അവിടുത്തെ ആ സ്നേഹത്തിന്റെ ആഴവും, വ്യാപ്തിയും, അതേ ദൈവത്തിന്റെ ദിവ്യസ്നേഹമാണ് സ്വർഗ്ഗത്തിൽ നിന്ന് ഒരു മനുഷ്യനായി അവതരിക്കുകയും നമ്മുടെ രക്ഷകനായി തീരുകയും ചെയ്തത്.

## അവിടുന്ന് നമ്മൾക്ക് വേണ്ടി മരിച്ചു

അവിടുന്ന് നമ്മൾക്ക് വേണ്ടിയുള്ള ഒരു മനുഷ്യനായി തീർന്നതുകൊണ്ട്, നമ്മൾ ഓർക്കേണ്ടിയിരിക്കുന്നു. യേശുക്രിസ്തു മരിച്ചത് നമ്മോടുള്ള സ്നേഹംകൊണ്ടാണ്. “സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല” (യോഹ. 15:13). കർത്താവ് കാൽവറിയിൽ മരിച്ചത് കാണിക്കുന്നത് അവിടുന്ന് നമ്മോടുള്ള ആ ആഴമേറിയ സ്നേഹത്തെയാണ്, അവൻ മരിക്കുവാൻ സ്വയം സമർപ്പിച്ചും, അവിടുന്ന് അവനു വേണ്ടിതന്നേ മരിക്കേണ്ടയാതൊരു ആവിശ്യവും ഇല്ലായിരുന്നു. എന്നാൽ നമ്മൾക്ക് വേണ്ടി മരിക്കുവാൻ അവിടുന്ന് തയ്യാറായി.

അവിടുത്തെ മരണം വളരെ വേദനയുടെയും, നിന്ദയുടെയും ഒറ്റപ്പെടുത്തലുകളുടേയും മദ്ധ്യത്തിലുള്ളതും, അത് വളരെ കയ്പേറിയ അനുഭവവും ആയിരുന്നു. യേശുക്രിസ്തുവിന്റെ കാൽവറി മരണം അവിടുന്ന് നമ്മോടുള്ള അനന്തമായ സ്നേഹത്തെയാണ് വെളിപ്പെടുത്തുന്നത്. അവിടുത്തെ മരണം ഒരു കുറ്റവാളിയെപ്പോലുള്ളതും - രണ്ട് കൊടുപ്രതികളുടെ മദ്ധ്യത്തിൽ, സ്നേഹിതരില്ലാത്തവനായിട്ട്, ഏറ്റവും അപഹാസ്യനും ആയിട്ടാണ്. അതേ നമ്മുടെ പാപത്തിന്റെ പരിണതഫലം അവിടുത്തെ ശരീരത്തിലും, ജീവിതത്തിലും, മനസ്സിലും വഹിച്ചിരുന്നു. ഇതെല്ലാം കാണിക്കുമ്പോൾ നമ്മൾക്ക് പറയാനുള്ളത്, “നോക്കു, അവിടുത്തെ സ്നേഹം എത്രയോ വലുതാണ്! അല്ലയോ പ്രിയപ്പെട്ടവരെ! ക്രിസ്തുവിന്റെ സ്നേഹത്തെകുറിച്ച് ഇപ്പോഴും നിങ്ങൾക്ക് സംശയമുള്ളവരാണോ? അവിടുത്തെ ജീവിതം നമ്മൾക്കായിട്ട് ബലികഴിച്ചല്ലോ. “ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേണ്ടതിനു നീതിമാനായി നീതികെട്ടവർക്കു വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചും ജഡത്തിൽ മരണശിക്ഷ ഏൽക്കുകയും ആത്മാവിൽ ജീവിക്കപ്പെടുകയും ചെയ്തു”. (1 പത്രൊ. 3:18). അവിടുത്തെ സ്നേഹം അവിടുത്തോട് നമ്മെ അടുപ്പിച്ചും ഇതിനെക്കുറിച്ച് യിരമ്യാവ് പ്രവാചകൻ പറയുന്നത്: “യഹോവ ദൂരത്തുനിന്നു എനിക്കു പ്രത്യക്ഷമായി അരുളിച്ചെയ്തതു: ‘‘നിത്യസ്നേഹം കൊണ്ടു ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു. അതുകൊണ്ട് ഞാൻ നിനക്കു ദയ ദീർഘമാക്കിയിരുന്നു’’ (യിരമ്യ. 31:3)

## അവിടുത്തെ സ്നേഹത്തിന്റെ ഫലങ്ങൾ

യേശുക്രിസ്തുവിന്റെ എല്ലാ സ്നേഹത്തിന്റെ ഫലങ്ങളെ കുറിച്ച് നിങ്ങളോട് ഇവിടെ പ്രതിപാദിപ്പാൻ എനിക്ക് ഇവിടെ കഴിയത്തില്ല. അവിടുത്തെ സ്നേഹത്താലാണ് നിങ്ങളോട് ക്ഷമിച്ചത്. നിങ്ങൾ എല്ലാം മറന്നു പോയോ? കർത്താവിന്റെ കരങ്ങൾകൊണ്ട് നിങ്ങളുടെ കുറവുകൾ എല്ലാം മായിച്ചു കളഞ്ഞത്? അവന്റെ സ്നേഹത്താൽ നിങ്ങളെ ദിനന്തോറും പോഷിപ്പിച്ച ആത്മീയ ഭക്ഷണം. “അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു” (കൊലോ. 2:10). നിങ്ങളുടെ എല്ലാ ആവിശ്യങ്ങളും അവിടുത്തെ സ്നേഹത്താൽ നിറവേറ്റുന്നു. നിങ്ങളുടെ ഈ തീർത്ഥയാത്രയ്ക്കുവേണ്ട ഷൂസുകൾ കരുതിയിരിക്കുന്നു. യുദ്ധത്തിനുള്ള കവചവും, നിങ്ങളുടെ അദ്ധ്വാനത്തിനു ആവിശ്യമായ ശക്തിയും, ക്ഷീണിക്കുന്നിടത്ത് വിശ്രമവും, ദുഃഖത്തിന്റെ ആശ്വാസവുമായവൻ നമ്മോടുള്ള അവിടുത്തെ സ്നേഹത്തെ യാതോരു കാരണവശാലും തടസ്സപ്പെടുത്തുവാൻ കഴിയുകയില്ല. നിങ്ങളുടെ ഉള്ളിൽ ഉണ്ടാകുന്ന ആന്തരിക സംതൃപ്തി പോലുള്ളതു വേറൊന്ന് ലോകത്തിന് സൃഷ്ടിക്കുവാൻ കഴിയുകയില്ല.

അതിലുപരി, നിങ്ങളെ ഈ മരുഭൂമിയാത്രയിൽ ഇത്രത്തോളം സുരക്ഷിതമായിട്ടു സൂക്ഷിച്ചല്ലോ. അന്ധകാരം നിറഞ്ഞതും, വളഞ്ഞതും, വക്രതയുള്ളതുമായ വഴിയിൽ നിങ്ങളുടെ അടുത്ത് അവൻ നിന്നില്ലേ. അവന്റെ വടിയും കോലും നിങ്ങളെ ആശ്വസിപ്പിച്ചല്ലോ? നിങ്ങൾ ദൂരെ പോയിരുന്നപ്പോഴും, നിങ്ങൾ വഴിതെറ്റി പോകുന്ന സാഹചര്യം വന്നപ്പോഴും, ആ നല്ല ഇടയനായ കർത്താവ് നിങ്ങളെ വഴിതെറ്റിക്കാതെ അവിടുത്തെ കരങ്ങൾ കൊണ്ട് വഴികളിൽ സുരക്ഷിതമായി നടത്തിയില്ലേ? എത്രയോ സമയങ്ങളിൽ അവൻ നിങ്ങളെ രക്ഷിച്ചും, സഹായിച്ചും നിങ്ങളുടെ ക്ഷീണത്തിൽ നിങ്ങളെ സഹായിച്ചല്ലോ, അന്ധകാരത്തെ ദീപമാക്കി, നിങ്ങളുടെ ഭീതികളെ അവൻ ശമിപ്പിച്ചില്ലേ, നിങ്ങളുടെ പ്രത്യക്ഷതയെ പുതുക്കിയില്ലേ, അതിലെല്ലാം ഉപരിയായിട്ടു നിങ്ങളെ പാപത്തിൽ നിന്നു വിടുവിച്ചല്ലോ. തീർച്ചയായിട്ടും നന്മയും കരുണയും എല്ലാം നമ്മുടെ ജീവിതത്തെ പ്രകാശപൂർണ്ണമാക്കി തീർക്കുന്നു.

തീർച്ചയായിട്ടും മാതാപിതാക്കളെക്കാൾ, മക്കളെക്കാൾ, ഭർത്താവിനെക്കാൾ, ഭാര്യയെക്കാൾ, ഏറ്റവും അടുത്ത സുഹൃത്തിനെക്കാൾ യേശു നിങ്ങളെ സ്നേഹിക്കും. അവന്റെ രക്തം നമ്മളെ ഒന്നാക്കുന്നു. അല്ലയോ എന്റെ ആത്മാവേ, അവൻ നിന്നെ സ്നേഹിക്കുന്നു! അവിടുത്തെ സ്നേഹം നിങ്ങളെ ബലമായിട്ട് അവന്റെ അടുക്കലേയ്ക്കു കൊണ്ടു വരുത്തും.

എന്നിട്ടും, ഞാൻ നിങ്ങളുടെ മുന്നിൽകൊണ്ടു വന്ന ലിസ്റ്റുകൾ, ഇന്നയോളം നിങ്ങൾ അനുഭവിച്ച അവിടുത്തെ കൃപകൾ, ഇതെല്ലാം അവന് നമ്മോടുള്ള കൂട്ടായ്മയാലാണ് സാധിക്കുന്നതു. നിങ്ങൾ അവനിൽ ആയിരിക്കുകയാണ്, ഒരു കെട്ടിടത്തിന്റെ അടിസ്ഥാനത്തിൽ സിമന്റു ചേർത്ത് കല്ലുകൾ പണിയുന്നതുപോലെ നമ്മെ അവനോട് ചേർത്ത് കർത്താവ് പണിതിരിക്കുകയാണ് - ജീവനുള്ളതും, സ്നേഹമുള്ളതും, നിലനില്ക്കുന്ന കൂട്ടായ്മകളാലും, ഒരു യുവതി യുവാവുമായിട്ട് വിവാഹബന്ധത്താൽ കൂടിചേർന്നതു പോൽ. നിങ്ങളുടെ തലയായ അവനുമായിട്ടുള്ള ഉടമ്പടിയാൽ നിങ്ങൾ ദൈവമായിട്ട് അടുത്തിരിക്കുകയാണ്. ദൈവമായ പിതാവ് തന്റെ പുത്രനെ കാണുന്നത് നിങ്ങൾ ക്കായിട്ടു അവൻ പാപമായി, പുത്രന്റെ നീതി നിങ്ങളുടെ നീതീകരണമായിട്ടു തീർന്നു. പിതാവിന്റെ മുമ്പിൽ തന്റെ പുത്രനാൽ നിങ്ങൾ പൊതിയപ്പെടും. ഇവിടെയാണ് സ്നേഹം അതിന്റെ തനതായ സ്വഭാവത്തിൽ വെളിപ്പെടുന്നത്. യേശുവിന്റെ ഭാവികാലമെന്നത് നിങ്ങളുടെ ഭാവികാലം എന്നാണ്. താങ്കൾക്ക് അറിയാമോ അവൻ ആയിരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതാണെന്ന്.

അല്ലയോ പ്രിയപ്പെട്ടവരെ, നിങ്ങൾ അവനെ സ്നേഹിക്കുക, ഒരിക്കലും തകർച്ച സംഭവിക്കാത്തതും അഭംഗുരമായതുമായ സ്നേഹത്തിന്റെ കൂട്ടായ്മയിൽ നിലനില്ക്കുക. “നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ

(ശേഷം 7-ാം പേജിൽ)

(6-ാംപേജിന്റെ തുടർച്ച)

## സ്നേഹം അതിന്റെ പാരമ്യത്തിൽ

നിന്നു നമ്മെ വേറുപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു” (റോമ.8:39). ഈ അവസാനമില്ലാത്ത, ഒന്നായിരിക്കുന്ന അനുഭവത്താലാണ് കൃപയും മഹത്വവും കർത്താവിൽ നിന്ന് നമ്മുടെ സുരക്ഷിതത്വമായിട്ട് തീരുന്നത്. നമ്മുടെ വിവാഹ വിരുന്നിലേയ്ക്കുള്ള ഈ യാത്രയിൽ നമ്മുടെ കത്തിക്കൊണ്ടിരിക്കുന്ന വിളക്ക് അണഞ്ഞുപോകാതെ സൂക്ഷിക്കുകയും വേണം. നിങ്ങളെത്തന്നെ ആശ്വസിപ്പിക്കാം. ദൈവീകമായ പ്രത്യാശയാലും അനന്തമായ സന്തോഷത്താലും അവിടുന്നുള്ള സ്നേഹമാകട്ടെ അത് സ്വർഗ്ഗത്തിൽ നിന്നു ഭൂമിയിലേക്ക് ഇറങ്ങിവന്നതു ആ സ്നേഹം നമ്മെ ഭൂമിയിൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്കു തിരികെ നയിക്കുന്നതുമാണ്. നമ്മുടെ ഹൃദയത്തിന് മനസ്സിലാക്കാൻ സാധിക്കാത്ത നിലയിലാണ് ദൈവം സ്നേഹം നമ്മൾക്കായിട്ട് ക്രിസ്തുയേശുവിൽ കൂടി പ്രത്യക്ഷപ്പെട്ടത്. അവന്റെ നീതീകരണത്താൽ നമ്മൾക്കു ലഭിച്ചിരിക്കുന്നതും.

## വ്യക്തിപരവും അളക്കാൻ സാദ്ധ്യമല്ലാത്തതും

കർത്താവായ യേശുക്രിസ്തു നമ്മളെ സ്നേഹിച്ചതുപോൽ വേറൊരുവന് നമ്മളെ സ്നേഹിക്കുവാൻ സാധിക്കുകയില്ല. അത്രയ്ക്കു അവൻ നമ്മെ സ്നേഹിക്കുന്നു. അവന്റെ ഹൃദയം എല്ലായിപ്പോഴും നമ്മെ ഓർത്തിരിക്കുന്നു. കോടാനുകോടി വിശുദ്ധന്മാരുടെ ഉടമസ്ഥനായവൻ ഓരോരുത്തരേയും വ്യക്തിപരമായി ഓർക്കുന്നു, ആരും യാതൊരു കാരണവശാലും നഷ്ടപ്പെട്ടു പോകുവാൻ അവൻ അനുവദിക്കുന്നില്ല. അവിടുന്ന് തന്റെ വിശുദ്ധന്മാരായ എല്ലാ സഹോദരീ സഹോദരന്മാരേയും നമ്മെ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നു.

ഇതാണ് സ്നേഹം. തീർച്ചയായിട്ടും അളവില്ലാത്തതും, ഒരു ചുറ്റുമതിൽ ഇല്ലാത്തതുമായ സ്നേഹം. താൻ തിരഞ്ഞെടുത്തവരെ ഒരു പരിധിയും ഇല്ലാതെ അവിടുന്നു സ്നേഹിക്കുന്നു. അവിടുന്നു സ്നേഹിക്കുന്നു, ലോക അവസാനത്തോളം പരിമിതി ഇല്ലാത്ത സ്നേഹത്താൽ. നമ്മൾക്ക് ഒരു പരിധിയിലുള്ള സ്നേഹത്തെ മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ അവന്റെ സ്നേഹത്തിന് ഒരു പരിമിതികളും ഇല്ല. ഈ മഹാസമുദ്രത്തിന് തീരങ്ങളുമില്ല, അടിത്തട്ടുമില്ല. സർവ്വശക്തവും, അവസാനം ഇല്ലാത്തവരും, പരിമിതികൾ ഇല്ലാത്തവരുമായ യേശുക്രിസ്തു നമ്മെ സ്നേഹിക്കുന്നു.

## ക്രിസ്തുസ്നേഹത്തിന്റെ പരിണിതഫലം

മുഴുപ്രപഞ്ചത്തിന്റെയും വിമോചനമാണ് ക്രിസ്തുവിന്റെ സ്നേഹംമൂലം സംഭവിച്ചിരിക്കുന്നത്. ക്രിസ്തു എല്ലാ രോഗങ്ങൾക്കും ശമനം/സൗഖ്യം നല്കുന്ന ഒരു ഒറ്റമൂലിയാണ്. അവിടുന്നു സൗഖ്യം നൽകുകയും നമ്മെ നിറയ്ക്കുകയും ചെയ്യുന്നു! അവിടുന്ന് നിർമ്മിക്കുകയും, മനോഹരമാക്കി തീർക്കുകയും ചെയ്യുന്നു! അവിടുന്ന് ദൃഢീകരിക്കുകയും, പരിപൂർണ്ണരാക്കുകയും ചെയ്യുന്നു! വളരെ അത്ഭുതകരമായിട്ടാണ് മനുഷ്യരിൽ അവിടുത്തെ സ്നേഹപ്രവൃത്തികൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. യേശുവിന്റെ സ്നേഹത്തെ വിശ്വസിക്കാം. അത് നിങ്ങളുടെ ഹൃദയത്തിൽ പതിക്കുകയും നിങ്ങളെ എളിമയുള്ളവരാക്കി തീർക്കുകയും ചെയ്യട്ടെ. അഹങ്കാരത്തിന്റെ സ്വാർത്ഥ മനോഭാവം മാറുന്നു. സ്നേഹത്തിന്റെ ആത്മാവ് ഉള്ളിൽ വരുമ്പോൾ ജഡം മരിക്കുന്നു. സ്നേഹത്തിന്റെ ശക്തി വെളിപ്പെടുമ്പോൾ കർത്താവ് മറനീക്കി തന്റെ സ്നേഹത്തെ വെളിപ്പെടുത്തുമ്പോൾ എന്റെ ജ്ഞാനത്താൽ അത് എങ്ങനെയാണ് എനിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത്? അസാദ്ധ്യമാണത്! ഇല്ല, ഞാൻ ചിന്തിക്കുന്നത് അവന്റെ മഹത്വത്തിന്റെ മുമ്പിൽ ഞാൻ ഭൂമിയിലേക്ക് താണുപോകുമെന്നാണ് – “അവൻ സംസാരച്ചപ്പോൾ ഞാൻ വിവശയായിരുന്നു” (ഉത്തമഗീതം 5:6). ക്രിസ്തുവിന്റെ സ്നേഹത്തിന്റെ കുത്തൊഴുക്കു, അത് ഒരു വലിയ വെള്ളപ്പൊക്കമായി ആത്മാവിലേയ്ക്കു വരുകയും സ്വാർത്ഥതകളും സ്വയത്തങ്ങളും മാറിപോകുകയും ചെയ്യുന്നു.

## സ്നേഹം അലിയിക്കുന്നു

നിയമം ചുറ്റികയാൽ തകർക്കപ്പെട്ടതും എന്നാൽ ഹൃദയം തകർന്നപ്പോൾ കഷണങ്ങളാക്കപ്പെട്ട/ഉടയപ്പെട്ട തീക്കല്ലിനു സമാനവുമായിരുന്നു. അതിന്റെ എല്ലാ ഭാഗങ്ങളും തീക്കല്ലുതന്നെയാണ്. എന്നാൽ യേശുവിന്റെ സ്നേഹം പ്രത്യക്ഷപ്പെടുമ്പോൾ അവിടെ രൂപാന്തരം സംഭവിപ്പിക്കുകയും തീക്കല്ല് മാംസമുള്ള ഒന്നായി തീരുകയും ചെയ്യുന്നു. യേശുവിന്റെ തുളയ്ക്കപ്പെട്ട കരങ്ങൾ ഒരുവന്റെ ഹൃദയത്തിൽ പ്രവർത്തിക്കുമ്പോൾ അത് വളരെ സഹനശക്തിയുള്ളതുമായി തീരുന്നു.

യേശുവിന്റെ സ്നേഹം നമ്മെ കഴുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നു: പാപത്തോടുള്ള സ്നേഹത്തെ നശിപ്പിക്കുവാൻ, ക്രിസ്തുവിന്റെ സ്നേഹത്തിൽ ജീവിക്കണം. ക്രിസ്തുവിനെ സ്നേഹിക്കുന്നവൻ പാപത്തെ വെറുക്കുന്നു. നമുക്ക് നമ്മോടുതന്നെ പറയാം കർത്താവിനായിട്ട് ഞാൻ എന്തൊക്കെ ഉപേക്ഷിക്കണം? എന്താണ് ഞാൻ കർത്താവിനായിട്ടു ചെയ്വാനുള്ളത്? കാൽവറി മരണത്തിൽ കൂടി, ആ തുളയ്ക്കപ്പെട്ട ശരീരത്തിൽ നിന്നു പുറത്തേയ്ക്ക് ചൊരിയപ്പെട്ട യേശുക്രിസ്തുവിന്റെ സ്നേഹത്താൽ വിശുദ്ധീകരിച്ച നമ്മുടെ ആ രക്ഷകൻ നമ്മുടെ ഹൃദയങ്ങളെ വിശുദ്ധിയാൽ സൗരഭ്യമുള്ളതാക്കി തീർക്കുന്നു. അവന്റെ സ്നേഹമെന്നത് പരിമള ഗന്ധമുള്ള വൃക്ഷത്തിന്റെ തടിയുടെ തീ പോലെയുമാണ് – ഇത് പാപത്തെ ദഹിപ്പിച്ചുകളയും നന്മയുടെ സുഗന്ധം പുറപ്പെടുവിക്കുകയും ചെയ്യുന്നു. യേശുവിന്റെ സ്നേഹം നമ്മെ ശുദ്ധീകരിക്കുന്നതുപോലെ വേറെ ഒരു തീച്ചൂളയും നമ്മെ ശുദ്ധീകരിക്കുന്നില്ല. സ്നേഹത്തിന്റെ പാത പരിപൂർണ്ണതയിലേയ്ക്കുള്ള മാർഗ്ഗമാണ്. യേശുവിനോടുള്ള ഒരു സ്നേഹബന്ധമുള്ള ഒരു ഹൃദയമുള്ളവൻ, പാപം ചെയ്യുമ്പോൾ കർത്താവിനു അതു സഹിക്കാൻ കഴിയുന്നില്ല.

ഒരു മാധുര്യമുള്ള ക്രിസ്തുവിന്റെ സ്നേഹം നമ്മെ ബലപ്പെടുത്തുന്നു. സ്നേഹം മരണം പോലെ ബലമുള്ളതു നമ്മളെ ജീവിതത്തിലെ ജോലികൾ ചെയ്യുവാൻ ശക്തീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുവിന്റെ യോദ്ധാക്കൾ ഒരിക്കലും പരാജയപ്പെടുന്നില്ല. ആരെങ്കിലും അവരുടെ ധൈര്യത്തിന്റെ രഹസ്യം അന്വേഷിക്കുമ്പോൾ, മനസ്സിലാക്കാം. അവൻ അവരെ സ്നേഹിക്കുന്നുവെന്ന് വളരെ ധൈര്യത്തോടെ അവർ മുന്നേറുകയും ചെയ്യുന്നു.

ഇത് നമ്മളെ വളരെ മറ്റുള്ളവർക്കുവേണ്ടി കരുതുവാനും ദയയുള്ളവരാകുവാനും സഹായിക്കുന്നു. നിങ്ങൾ ആരെ എങ്കിലും സ്നേഹിക്കുവാൻ ചിന്തിക്കുന്നുവെങ്കിൽ കർത്താവ് നിങ്ങളെ സ്നേഹിച്ചത് എങ്ങനെയാണന്ന് പഠിക്കേണം. നിങ്ങൾ അവനുവേണ്ടി ഒരു പത്രപ്രവർത്തകയായി തീരും. നിങ്ങൾ ഒരു പട്ടണത്തിന്റെ പാപം/മ്ലേച്ഛതകണ്ട് വിലപിക്കുന്നുവെങ്കിൽ, ചിന്തിക്കുക കർത്താവ് നിങ്ങളെ ഓർത്ത് എത്ര കരഞ്ഞിരിക്കുന്നുവെന്ന്. അശരണരും അവശരുമായിട്ടുള്ള ജനത്തെ സഹായിക്കണമെന്നുള്ള ഒരു ആത്മഭാരം നിങ്ങളുടെ ഉള്ളിൽ ഉണ്ടാകുന്നുവെങ്കിൽ നിങ്ങളുടെ സമീപത്തായിട്ട് എല്ലായിപ്പോഴും ദയയും, കാരുണ്യവും നിറഞ്ഞ ക്രിസ്തുവിനെ ഇരുത്തുന്നുവെങ്കിൽ, പാപങ്ങളോടും കരുണയും സ്നേഹവും നിങ്ങളുടെ ഉള്ളിൽ നിറയുകയും ശുശ്രൂഷ വിജയിക്കുകയും ചെയ്യുമായിരുന്നു.

ഇത് മനുഷ്യനെ ദൈവത്തിനുവേണ്ടി നിലനില്ക്കുവാനും നമ്മെ ആവേശഭരിതരാക്കുന്നു. ഇതിന്റെ ശരിയായ പ്രയോഗം വളരെ കുറച്ച് പേർക്കാണ് മനസ്സിലായിരിക്കുന്നത്. എന്നാൽ ഇപ്പോഴും

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

## സ്നേഹം അതിന്റെ പാരമ്യത്തിൽ

കുറച്ച് വിശുദ്ധന്മാർ തൂണുകൾ പോലെ രാത്രിയെന്നോ പകലെന്നോ ഉള്ള വ്യത്യാസം ഇല്ലാതെ നില്ക്കുകയാണ്. ഇതാണ് യേശുവിന്റെ സ്നേഹമെന്നത്.

ഈ സ്നേഹം വിശ്വാസികളെ സന്തോഷത്താൽ നിറക്കുകയും ചെയ്യുന്നു. അവിടുന്ന് എന്നെ സ്നേഹിക്കുന്നു! എത്രയോ സന്തോഷമുള്ള ഒരു ചിന്തയാണിത്! അങ്ങനെയുള്ള വാഗ്ദത്തം ഭൂമിയിലെ ജയിലിൽപ്പോലും ഒരു സ്വർഗ്ഗത്തെയാണ് സൃഷ്ടിക്കുന്നത്, സ്വർഗ്ഗത്തിലെ സ്വർഗ്ഗീയവസ്ഥ!

## അവന്റെ സ്നേഹത്തിൽ നിലനില്ക്കുക

ക്രിസ്തുവിന്റെ സ്നേഹമാകട്ടെ നമ്മുടെ ജീവിതത്തിലെ പ്രധാന ഘടകം. ആ ജീവിതവും സ്നേഹവുമാകട്ടെ നമ്മുടെ ഒരേയൊരു വാക്യം. ക്രിസ്തുവിന്റെ സ്നേഹത്തെ കുറിച്ച് നിങ്ങൾക്ക് കൂടുതൽ ചിന്തിക്കുവാൻ സാധിക്കുകയില്ല. അതിനെ നമ്മൾക്ക് ആഗിരണം ചെയ്യാം! വിശുദ്ധ വചനത്തിൽ പറയുന്നതുപോലെ അതിൽ നമ്മൾക്ക് ലയിക്കാം. "ഇനി ജീവിക്കുന്നതു ഞാനല്ല ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നു" (ഗല. 2:20).

നമ്മൾ ഈ സ്നേഹത്തെ ധരിച്ചിരിക്കുമ്പോൾ ഈ സ്നേഹത്തിൽ നിലനില്ക്കാം. ക്രിസ്തു ഇന്ന് നിങ്ങളെ സ്നേഹിച്ചിട്ട് നാളെ അവൻ നിങ്ങളെ ഉപേക്ഷിച്ചിട്ട് പോകുകയില്ല. അവന്റെ വിശ്വസ്തത നിലനിൽക്കുമ്പോഴും നിങ്ങൾക്ക് നിങ്ങളുടെ വിശ്വാസത്തിൽ മുരടിപ്പ് സംഭവിച്ചിരിക്കുകയാണോ? ഇന്ന് നിങ്ങൾ കർത്താവിന്റെ സന്നിധിയിൽ വളരെ സന്തോഷത്തോടെയാണോ ജീവിക്കുന്നത്? നാളെ നിങ്ങളുടെ ക്രിസ്തീയ ജീവിതം വളരെ ദുഃഖകരമാകുകയില്ലേ? തീർച്ചയായിട്ടും ആ അഗ്നിയുടെ സാമീപ്യം നമ്മളെ ഓരോ നിമിഷവും ഊഷ്മളതയോട് നടത്തിടും. അവന്റെ സ്നേഹത്തിൽ വസിക്കാം.

ഉയരത്തിലേതും വിശുദ്ധവും ആയിരിക്കട്ടെ നമ്മുടെ കാവൽ വചനം: നമ്മൾക്ക് ലഭിച്ചിരിക്കുന്ന പ്രത്യാശയിൽ മുന്നേറാനും ദൈവകൃപ ധാരാളമായിട്ടു വീണ്ടും പ്രാപിച്ച് യാത്ര തുടരുവാൻ കർത്താവ് സഹായിക്കട്ടെ. ഇവിടെ നമ്മൾക്ക് ശ്രദ്ധിക്കാം. കർത്താവ് എന്ത് ഉദ്ദേശ്യത്തോടെയാണ് ഇപ്രകാരം പറഞ്ഞിരിക്കുന്നത്. "എന്റെ സ്നേഹത്തിൽ വസിപ്പിൻ" (യോഹ. 15:9). "അല്ലയോ", ഒരുവൻ പറയുന്നു, "നീ ഞങ്ങൾക്ക് ഒരു കഠിന അദ്ധ്വാനമാണ് തന്നിരിക്കുന്നത്". അല്ല. അവൻ നിങ്ങൾക്ക് ഒരു നല്ല അവസരമാണ് തന്നിരിക്കുന്നത്; എന്നാൽ ഞാൻ ഒരു കാര്യം പ്രസ്താവിക്കട്ടെ, നിങ്ങളുടെ സ്വന്ത ശക്തികൊണ്ടും ഇത് നേടിയെടുക്കുവാൻ കഴിയുകയില്ല. ഞാൻ ഇപ്പോൾ ഇവിടെ സംസാരിക്കുന്നത് നിങ്ങൾ ആയിരിക്കുന്ന സാഹചര്യം നോക്കിയിട്ട് അല്ല. ഞാൻ സംസാരിക്കുന്നതാകട്ടെ ഇപ്പോൾ നിങ്ങൾ ക്രിസ്തുവിലാണ് - അതേ നിങ്ങൾ ക്രിസ്തുവിലാണ്, എല്ലാ അധികാരവും നിങ്ങൾക്ക് അവൻ തന്നിരിക്കുകയാണ്! ആ അധികാരം പ്രയോഗിക്കാം!

എന്റെ സ്നേഹിതൻ (പ്രിയപ്പെട്ടവൻ) എന്റേതു ഞാൻ അവന്റേതുമാണ്. പകലുള്ളടത്തോളം ഞാൻ ആത്മാവിൽ അവന്റെ സ്നേഹത്തെ ആസ്വദിച്ച് സന്തോഷത്തോടെ ആനന്ദത്തോടെ അവനോടു കൂടെ ആയിരിക്ക. ❖

(4-ാം പേജിന്റെ തുടർച്ച)

## അർദ്ധരാത്രിക്കു ശേഷമുള്ള ജന്മം

ക്കുകയും ചെയ്തു. ഇത് അവരെ ലോകസുവിശേഷീകരണത്തിനായി മുമ്പത്തെക്കാളും കൂടുതൽ ദൈവത്തിൽ സമർപ്പിക്കപ്പെടുവാൻ സഹായിച്ചു.

ദിവസങ്ങളും രാത്രികളും പ്രാർത്ഥനയ്ക്കുവേണ്ടി വേർതിരിച്ച് ദൈവസന്നിധിയിൽ അവർ സ്തുതിച്ചും ആരാധിച്ചും ദൈവത്തെ മഹത്വപ്പെടുത്തിയതിന്റെയും ഫലമായിട്ട് അവർക്ക് വിജയം കൈവരിക്കുവാൻ കഴിഞ്ഞു.

1939-ൽ ബ്രിട്ടണും ജർമ്മനിയും തമ്മിൽ യുദ്ധം തുടങ്ങുന്ന കാലഘട്ടത്തിൽ കോളേജിലെ ഈ പ്രാർത്ഥന ടീം 7-12 മണിവരെ രാത്രിയിൽ പ്രാർത്ഥനയിൽ ആയിരുന്നു. കൂടാതെ ഒരു മണിക്കൂറു പ്രഭാതത്തിലോ, ദിനമദ്ധ്യേയോ നടത്തിയിരുന്നു. ഒരു ദിവസവും പ്രാർത്ഥന കൂടാതെ ഇല്ലായിരുന്നു. സമയാസമയങ്ങളിൽ അവർ പ്രാർത്ഥനയ്ക്കായിട്ട് സമയം കണ്ടെത്തിയിരുന്നു. യുദ്ധത്തിന്റെ ഒരു നിർണ്ണായക ഘട്ടത്തിൽ ഏകദേശം വിജയം നേടുമെന്ന് തോന്നിയപ്പോൾ ബ്രിട്ടീഷ് പട്ടാളത്തിന് സകലവും അന്ധകാരമായി തോന്നിയപ്പോൾ, ദൈവം നിങ്ങൾക്ക് വേണ്ടി ചെയ്ത ഒരു വിശ്വാസം ഉണ്ടെങ്കിൽ, അത് അവരുടെ വിശ്വാസത്തിലേക്കു വരികയും അവർ ദൈവത്തിങ്കലേയ്ക്കു നോക്കുകയും സന്തോഷം അനുഭവിക്കുകയും ചെയ്തു. സുവിശേഷീകരണത്തിനു വേണ്ടിയാണ് അവർ യുദ്ധം ചെയ്യുന്നെന്നു തോന്നുകയും അല്ലാതെ കേവലം വിജയത്തിനുവേണ്ടി അല്ല എന്ന് കാണുകയും ചെയ്തു.

## ഡൺകിർക്കിലെ അത്ഭുതം

1940 മെയ് 21-ൽ ബ്രിട്ടന് കാര്യങ്ങൾ എല്ലാം വളരെ പ്രതികൂലമായി തീർന്നു. ഒരു വലിയ പരിഭ്രാന്തിയുടെ സമയമായിരുന്നു. ബ്രിട്ടനെ ആക്രമിക്കുവാൻ സാദ്ധ്യതകൾ ഉണ്ടായിരുന്നു. ബ്രിട്ടന്റെ സകലവും നഷ്ടപ്പെടും എന്നു ചിന്തിച്ച സമയമായിരുന്നു അത്. ഡൺകിർക്കിലെ പട്ടാളത്തെ രക്ഷിക്കുവാൻ വേണ്ടി കോളേജിലുള്ളവർ ദൈവത്തോട് പ്രാർത്ഥിക്കുവാൻ തുടങ്ങി. വെറെയും പലരും ഇതുപോലെ പ്രാർത്ഥിച്ചു. അന്ന് ഡൺകിർക്കിൽ സംഭവിച്ചത് ചരിത്രത്തിൽ തന്നെയുണ്ട്. നേതാക്കന്മാർ പോലും സമ്മതിക്കുകയുണ്ടായി. അത് ഒരു ദൈവപ്രവർത്തിയായിരുന്നുവെന്ന്. വളരെ അത്ഭുതകരമായിട്ട് കർത്താവ് അവരെ രക്ഷിച്ചു.

വീണ്ടും വളരെ സങ്കീർണ്ണമായ ഒരു സമയത്തിലേക്കു ബ്രിട്ടൻ നയിക്കപ്പെട്ടു. ദൈവം ഹോവെൽസിനോട് വാക്കി പറഞ്ഞു. ഒരു ബോംബും കോളേജ് കോമ്പൗണ്ടിൽ വീഴുകയില്ലെന്ന്. ചുറ്റുപാടും ബോംബുകൾ വീണപ്പോഴും യുദ്ധസമാനമായ അന്തരീക്ഷം നിലനിന്നപ്പോഴും കോളേജും പരിസരവും യാതൊരു പ്രശ്നവും നഷ്ടവും കൂടാതെ കർത്താവ് കാത്തുസൂക്ഷിച്ചു.

ഒരു ദേശീയ ദിനത്തിന്റെ അന്ന് മിസ്റ്റർ ഹോവെൽസ് ഇങ്ങനെ പറഞ്ഞു, വിശ്വാസം കൂടാതെ ദൈവം ഒരിക്കലും യുദ്ധത്തെ നയിക്കുന്നില്ലയെന്ന്. ദേശീയ ദിനാഘോഷത്തിന് കുറച്ച് ദിവസങ്ങൾക്ക് ശേഷം എല്ലാ ബ്രിട്ടീഷ് റിസേർച്ചിന്റെ ആക്രമണ സാങ്കേതികതകളും തീർന്നപ്പോൾ, ജർമ്മനിയ്ക്ക് ജയം ലഭിക്കുമെന്ന് കരുതിയ സമയത്ത് പെട്ടന്ന് ജർമ്മനിയ്ക്ക് ജയം നഷ്ടമാകുകയും ബ്രിട്ടീഷിനു സന്തോഷത്തിന്റെ സമയം വരുകയും ചെയ്തു.

യുദ്ധങ്ങൾ ഒന്നിനു പുറകെ ഒന്നായി ഓരോ പ്രാവിശ്യവും വന്നപ്പോൾ ശക്തമായ പ്രാർത്ഥനയും വിശ്വാസത്താലും പ്രശ്നങ്ങൾക്ക് വിടുതൽ കിട്ടികൊണ്ടുമിരുന്നു. എങ്ങനെയും സുവിശേഷവ്യാപനം നടത്തണം, ആ ലക്ഷ്യത്തിലായിരുന്നു ഞങ്ങൾ. കർത്താവിന്റെ വരവിനു മുമ്പെ ഈ ലോകം സുവിശേഷവത്കരിക്കപ്പെടണം.

ഇന്നു ലോകം ഒരു വലിയ പ്രതിസന്ധിയിൽ കൂടി കടന്നു പൊയ്ക്കൊണ്ടിരിക്കുന്നു. ആരാണോ കർത്താവിനായിട്ട് കാത്തിരിക്കുന്നത്, അവിടുത്തെ ശബ്ദം ശ്രവിക്കുവാൻ അവിടുത്തെ ഹിതം ഭൂമിയിൽ നിറവേറ്റുവാൻ, അവിടുത്തെ ഇഷ്ടം നടത്തുവാൻ അവരോടു അവിടുന്നു സംസാരിക്കുന്നു. മുമ്പോട്ടു ദൈവപ്രവൃത്തികൾ നിറവേറുവാൻ പ്രാർത്ഥനകൾക്ക് കൂടുതൽ പ്രാധാന്യം കൊടുക്കാം. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975